# Dakshina Kerala Jam-iyyathul Ulama

H.O. Kollam

ജുമുഅ പ്രഭാഷണം "വസന്തത്തിന്റെ വസന്തം" (25/11/16)

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

وَإِذْ أَخَذَ اللَّهُ مِيثَاقَ النَّبِيِّينَ لَمَا آتَيْتُكُم مِّن كِتَابٍ وَحِكْمَةٍ ثُمَّ جَاءَكُمْ رَسُولٌ مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهِ وَلَتَنصُرُنَّهُ ۚ قَالَ أَأَقْرَرْتُمْ وَأَخَذْتُمْ عَلَىٰ ذَٰلِكُمْ إِصْرِي ۖ قَالُوا أَقْرَرْنَا ۚ قَالَ فَاشْهَدُوا وَأَنَا مَعَكُم مِّنَ الشَّاهِدِينَ ﴿آلعمران ٨١﴾

➢ **റബീഉൽ അവ്വൽ സമാഗതമാവുകയാണ്.** ലോകമെമ്പാടും ആനന്ദവും സന്തോഷവും തിരതല്ലുന്ന സമയം. നിത്യവസന്തമായ തിരുനബി(സ്വ) ഭൂജാതരായത് ലോകത്തിന്റെ വസന്തമായ റബീ ഉലായിരുന്നു. ഓരോ റബീഉം ആ പരിശുദ്ധ റസൂലരെ കൂടുതൽ സ്മരിക്കാനും പഠിക്കാനും പകർത്താനും കാരണമാകണം.

➢ **അല്ലാഹു ചെയ്ത ഏറ്റവും വലിയ അനുഗ്രഹം കെലിമ ചൊല്ലാനുള്ള ഭാഗ്യമാണ്.** അതാണ് നല്ലതും ചീത്തയുമായ മരണത്തിന്റെ ഇടയിലുള്ള വ്യത്യാസം. നരകസ്വർഗ്ഗത്തിന്റെ മാനദണ്ഡവും അതുതന്നെ.

➢ **ഈമാൻ പോലെ തന്നെ മഹത്തായ അനുഗ്രഹമാണ് നബി(സ്വ)യുടെ ഉമ്മത്താക്കിയതും.** നബി(സ്വ) യുടെ കാലത്ത് ജീവിച്ചാൽ അവിടുത്തെ ഉമ്മത്തായിരിക്കണമെന്ന് പ്രവാചകന്മാരോട് അല്ലാഹു കരാർ വാങ്ങിയിരുന്നു.

وَإِذْ أَخَذَ اللَّهُ مِيثَاقَ النَّبِيِّينَ لَمَا آتَيْتُكُم مِّن كِتَابٍ وَحِكْمَةٍ ثُمَّ جَاءَكُمْ رَسُولٌ مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهِ وَلَتَنصُرُنَّهُ ۚ.... ﴿آل عمران ٨١﴾

പുനരാഗമന കാലത്ത് ഈസാനബി (അ) അവിടുത്തെ അനുയായി ആയിരിക്കും. അതുകൊ ാണ് ആ മഹാപ്രവാചകൻ സുബ്ഹിയിൽ ഇമാം മഹ്ദിയെ ഇമാം ആക്കുന്നത്. ഇവ്വിധം പ്രവാചകന്മാരോട് പോലും കൽപ്പിക്കപ്പെട്ട മഹാഭാഗ്യം ലഭിച്ചവരാണ് നാം ഓരോരുത്തരും.

➢ **ലോകത്ത് ഒരു സമുദായത്തിനും ലഭിച്ചിട്ടില്ലാത്ത സമ്പൂർണ്ണമായ ഒരു നിയമ സംഹിത ആ പുണ്യ റസൂൽ നമുക്ക് സമ്മാനിച്ചു.** തനിക്ക് ശേഷം ഒരു പ്രവാചകൻവരുമെന്നും അദ്ദേഹം മുഴുവൻ കാര്യങ്ങളും ജനങ്ങളോട് പറയുമെന്നും മൂസാനബി(അ) പറഞ്ഞിരുന്നു. പഴയനിയമം - (ആവർത്തനപുസ്തകം18/18). തന്റെ പ്രബോധനം സമ്പൂർണ്ണമല്ലെന്നും തന്റെ പിന്നാലെ വരുന്നവൻ ആ ദൗത്യം നിർവ്വഹിക്കുമെന്നും ഈസാ നബി(അ) പറഞ്ഞിരുന്നു. പുതിയ നിയമം (യോഹന്നാന്റെ സുവിശേഷം 16:12-13 നോക്കുക)

➢ **എന്നാൽ സമ്പൂർണ്ണ ശരീഅത്തുമായി വന്ന ഏക പ്രവാചകർ നബി(സ) ആയിരുന്നു.** ആരാധന/സാമ്പത്തീകം/കാർഷികം/അന്തർദേശീയം/രാഷ്ട്രീയം/കുടുംബം/ഭരണം/എല്ലാം അവിടുന്ന് പഠിപ്പിച്ചു. നിസാര കാര്യം പോലും വിട്ടുകളഞ്ഞില്ല.

عَنْ سَلْمَانَ قَالَ قِيلَ لَهُ قَدْ عَلَّمَكُمْ نَبِيُّكُمْ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كُلَّ شَيْءٍ حَتَّى الْخِرَاءَةَ قَالَ فَقَالَ أَجَلْ لَقَدْ نَهَانَا أَنْ نَسْتَقْبِلَ الْقِبْلَةَ لِغَائِطٍ أَوْ بَوْلٍ أَوْ أَنْ نَسْتَنْجِيَ بِالْيَمِينِ (مسلم)

الْخِرَاءَة : التخلصُ من نجاسة البول والغائط.

(നിസാരകാര്യങ്ങൾ പോലും നിങ്ങളുടെ പ്രവാചകർ പഠിപ്പിക്കുകയോ? എന്ന് പരിഹാസത്തോടെയാണ് ശത്രുക്കൾ ഇത് ചോദിച്ചത്. അപ്പോൾ: അതെ! എന്ന് അഭിമാനത്തോടെ സൽമാനുൽ ഫാരിസ) മറുപടി നൽകി. ചുരുക്കം; സമ്പൂർണ്ണമായ ഒരു ജീവിതസംഹിതം പുണ്യറസൂൽ നമുക്ക് നൽകി.

➢ അവസാനകാല സമുദായമെങ്കിലും പരലോകത്ത് മുന്തിയ പരിഗണന ഉള്ളവരാണ് നാം.

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " نَحْنُ الْآخِرُونَ السَّابِقُونَ يَوْمَ الْقِيَامَةِ (متفق عليه). نَحْنُ الْآخِرُونَ الْأَوَّلُونَ يَوْمَ الْقِيَامَةِ ، وَنَحْنُ أَوَّلُ مَنْ يَدْخُلُ الْجَنَّةَ (مسلم). كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنكَرِ وَتُؤْمِنُونَ بِاللَّهِ ۗ(آل عمران ١١٠)

ഈ പരിഗണനയെല്ലാം ഉത്തമ പ്രവാചകരുടെ ഉത്തമ സമുദായം എന്ന നിലയ്ക്കാണ് നമുക്ക് ലഭിച്ചത്.

➢ ഈ മഹാ അനുഗ്രഹത്തിന് നാം നന്ദിയുള്ളവരാകണം. ഈമാനും ഇത്തിബാഉം അതിന്റെ ഭാഗമാണ്.

പക്ഷേ കടപ്പാട് അതിൽ പരിമിതമല്ല. തിരുദൂതരെ സ്മരിക്കാനും പുകഴ്ത്താനും കിട്ടുന്ന ഏത് അവസരവും നാം ഉപയോഗപ്പെടുത്തണം. അതെല്ലാം തിരുനബി(സ്വ)യുമായി അടുപ്പമു ാകും. സ്വഹാബാക്കൾ അപ്രകാരമായിരുന്നു.

عن مُعَاوِيَةُ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ خَرَجَ عَلَى حَلْقَةٍ مِنْ أَصْحَابِهِ فَقَالَ مَا أَجْلَسَكُمْ قَالُوا جَلَسْنَا نَذْكُرُ اللَّهَ عَزَّ وَجَلَّ وَنَحْمَدُهُ عَلَى مَا هَدَانَا لِلْإِسْلَامِ وَمَنَّ عَلَيْنَا بِكَ قَالَ إِنَّ اللَّهَ عَزَّ وَجَلَّ يُبَاهِي بِكُمْ الْمَلَائِكَةَ (أحمد)

(ഇവിടെ നബി(സ്വ)യെ സ്മരിച്ചുകൊ ിരുന്നവരെ കുറിച്ച് അല്ലാഹു അഭിമാനപൂർവ്വം മലക്കുകളോട് പറയുന്നതാണ് നാം കാണുന്നത്.)

ഇത് മഹബ്ബത്തിന്റെ ഭാഗമാണ്.

ومن علامات محبة النبي (ص) كثرةُ ذِكره له، فمن أحب شيئاً أكثر ذكره (الشفا)

(തിരുനബി (സ്വ)യെ അധികമായി സ്മരിക്കൽ മഹബ്ബത്തിന്റെ ഭാഗമാണ്. ഒരു വസ്തുവിനെ സ്നേഹിക്കുന്നയാൾ അതിനെ ധാരാളമായി ഓർക്കുകയും പറയുകയും ചെയ്യും.)

➢ തിരുദൂതരുടെ മദ്ഹ് മനാഖിബുകൾ പറയുന്നതും പാരായണം ചെയ്യുന്നതും നന്ദിയുടെ ഭാഗമാണ്. ഉയർന്ന പ്രതിഫലാർഹമാണ്.

عن خريم بن أوس هاجرت إلى رسول الله صلى الله عليه وسلم فسمعت العباس بن عبد المطلب يقول يا رسول الله إني أريد أن أمتدحك فقال رسول الله صلى الله عليه وسلم قل لا يفضض الله فاك (حاكم/بيهقي)

(=അങ്ങയുടെ മദ്ഹ് പറയാൻ ഉദ്ദേശിക്കുന്നു. നബി(സ്വ) പറഞ്ഞു. പറഞ്ഞുകൊള്ളുക. നിങ്ങളുടെ വായിന് അനർത്ഥമൊന്നും വരുകയില്ല.)

ചരിത്രത്തിലെ പാഠങ്ങൾ

1. മദ്ഹ് പറയൽ പുണ്യകർമ്മം.
2. അത് ആപത്തുകളെ തടയും.

മൗലിദിന്റെ മജ്‌ലിസുകൾ പ്രോത്സാഹിപ്പിക്കപ്പെടുന്നത് അതുകൊ ാണ്. തന്നെയുമല്ല അവ സ്വലാത്തുകളുടെ മജ്‌ലിസ് കൂടിയാണല്ലോ?

**NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ബുധനാഴ്ചകളിലും ലഭിക്കും (ഇ:അ)**